# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 20 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിലെ നാളെത്തെ ചടങ്ങുകള് (21.12.2020)**

.........

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 .15 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
8.30 മണിക്ക് ....അത്താഴപൂജ
8.50 ന്  ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക്  ശ്രീകോവില് നട അടയ്ക്കും.

(പി.ആര്. ശബരി-(122)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | | |
|---|---|---|
| DECEMBER | 20 | 2020 |



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

*www.prd.kerala.gov.in, prdnewssabarimala2021@gmail.co*

### അയ്യപ്പഭക്തര്ക്ക് ആര്ടിപിസിആര് നെഗറ്റീവ് സര്ട്ടിഫിക്കറ്റ് നിര്ബന്ധം

മകരവിളക്ക് ഉത്സവ കാലത്ത്(ഡിസംബര് 26 ന് ശേഷം) ശബരിമല ദര്ശനത്തിനെത്തുന്ന അയ്യപ്പഭക്തര്ക്ക് കോവിഡ് - 19 ആര്ടിപിസിആര് നെഗറ്റീവ് സര്ട്ടിഫിക്കറ്റ് നിര്ബന്ധമാണെന്ന് തിരുവിതാംകൂര് ദേവസ്വം ബോര്ഡ് പ്രസിഡന്റ് അഡ്വ. എന്. വാസു വ്യക്തമാക്കി. 48 മണിക്കൂറിനുള്ളില് എടുത്ത ആര്ടിപിസിആര് നെഗറ്റീവ് സര്ട്ടിഫിക്കറ്റാണ് ശബരിമല ദര്ശനത്തിനായി എത്തുമ്പോള് അയ്യപ്പഭക്തര് കൈയ്യില് കരുതേണ്ടത്. ഡിസംബര് 31 മുതല് 2021 ജനുവരി 19 വരെയാണ് മകരവിളക്ക് ഉത്സവകാലം. ആര്ടിപിആര് പരിശോധന നെഗറ്റീവ് സര്ട്ടിഫിക്കറ്റ് ഇല്ലാതെ വരുന്ന ഭക്തര്ക്ക് മല കയറാന് അനുമതി ലഭിക്കുകയില്ലെന്നും ദേവസ്വം ബോര്ഡ് പ്രസിഡന്റ് അറിയിച്ചു.

കോവിഡ്- 19 പശ്ചാത്തലത്തില് പോലും ദേവസ്വം ബോര്ഡിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ ശബരിമല തീര്ഥാടന സമയത്ത് സംസ്ഥാന സര്ക്കാര് 20 കോടി രൂപ ദേവസ്വം ബോര്ഡിന് നല്കിയെന്നും പ്രസിഡന്റ് പറഞ്ഞു. തിരുവിതാംകൂര് ദേവസ്വം ബോര്ഡിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 20 കോടി രൂപ ഉള്പ്പെടെ സംസ്ഥാന സര്ക്കാര് കഴിഞ്ഞ ആറുമാസത്തിനിടെ 50 കോടി രൂപയാണ് ദേവസ്വം ബോര്ഡിന് കൈമാറിയത്. ഇതില് സര്ക്കാരിനോടും മുഖ്യമന്ത്രിയോടും ദേവസ്വം മന്ത്രിയോടും ധനമന്ത്രിയോടും ദേവസ്വം ബോര്ഡിനുള്ള നന്ദി അറിയിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

(പി.ആര്. ശബരി-(123)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | | |
|---|---|---|
| DECEMBER | 20 | 2020 |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**വൈദ്യുതി ഉപയോഗമില്ലാതെ സന്നിധാനത്ത്ദേവസ്വം ബോർഡിന്റെ കുടിവെള്ള വിതരണം**

ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തില് പ്രകൃതി ദത്തമായ മാർഗത്തിലൂടെ എത്തിച്ച് സന്നിധാനത്തും പരിസരങ്ങളിലും പ്രതിദിനം വിതരണം ചെയ്യുന്നത് ലക്ഷക്കണക്കിന് ലിറ്റര് വെള്ളം. വൈദ്യുതിയുടേയും യന്ത്രങ്ങളുടേയും സഹായമില്ലാതെയാണ് ഈ ജലവിതരണമെന്നതാണ് പ്രത്യേകത. പ്രകൃതിദത്ത ഒഴുക്കിനെ തടഞ്ഞ് നിർത്താന് സന്നിധാനത്തിന് മുകളിലായി നിർമിച്ച ചെക്ക് ഡാമിന്റെയും വന് തോതില് വെള്ളം ശേഖരിക്കാന് പണി തീർത്ത കൂറ്റന് സംഭരണികളുടേയും സഹായത്തോടെയാണീ ജലവിതരണം.സന്നിധാനത്തിന് ഏഴ് കിലോമീറ്റർ അകലെയുള്ള കുന്നാര് ഡാം, നാല് കിലോമീറ്റർ ദൂരത്തില് നിർമിച്ച ചെക്ക് ഡാം, അഞ്ഞൂറ് മീറ്റർ അകലെയുള്ള കുമ്പളം തോട് എന്നിവിടങ്ങളാണ് ഈ പദ്ധതിയുടെ ഉറവിടം. സന്നിധാനത്തിന് സമീപം പാണ്ടിത്താവളത്ത് നിർമിച്ച പത്ത് കൂറ്റന് ടാങ്കുകളിലേക്ക് ഈ മൂന്ന് സ്രോതസുകളില് നിന്നും ഗുരുത്വാകർഷത്തിന്റെ അടിസ്ഥാനത്തില് വെള്ളമെത്തിക്കുകയാണ് ആദ്യഘട്ടം. ഇതിന് ശേഷം സ്റ്റോറേജ് ടാങ്കിലേക്ക് വെള്ളം സംഭരിക്കും. അടുത്ത ഘട്ടത്തില് സപ്ലൈ ടാങ്കിലെത്തിച്ച് ക്ലോറിനേഷന് ചെയ്ത ശേഷമാണ് വെള്ളം ടാപ്പുകള് വഴി വിതരണം ചെയ്യുന്നത്. ഇതിനായി 20 ലക്ഷം ലിറ്റര് സംഭരണ ശേഷിയുള്ളആറ് ടാങ്കുകള്, 18 ലക്ഷം ലിറ്റര് സംഭരണ ശേഷിയുള്ള ഒരു ടാങ്ക്, 60 ലക്ഷം ലിറ്റര് സംഭരണ ശേഷിയുള്ള പുതിയൊരു ടാങ്ക്, ഒരു ലക്ഷം വീതം വെള്ളം സംഭരിക്കുന്ന രണ്ട് പഴയ ടാങ്കുകള് എന്നിവയുണ്ട്.ചെക്ക് ഡാമുകളില് നിന്നും മറ്റും വെള്ളമെത്തിക്കുന്നതിനും തുടർന്നുള്ള വിതരണത്തിനുമായി സംരക്ഷണ

കവചമുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. വന്യമൃഗങ്ങളില് നിന്നുൾപ്പെടെ സംരക്ഷണം ഉറപ്പാക്കിയാണ് പൈപ്പുകളും ടാപ്പും ഉൾപ്പെടെയുള്ളവ സ്ഥാപിച്ചിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തില് ഭക്തരുടെ എണ്ണം നിയന്ത്രിച്ചതിനാല് ഇപ്രാവശ്യം പ്രകൃതിദത്ത മാർഗത്തിലൂടെ എത്തിക്കുന്ന വെള്ളം മാത്രമാണ് സന്നിധാനത്തും പരിസരത്തും വിതരണം ചെയ്യുന്നത്. സാധാരണ മണ്ഡല കാലങ്ങളില് ഭക്തരുടെ എണ്ണം കൂടുതലുള്ളതിനാല് പമ്പയില് നിന്ന് ശരംകുത്തി വഴി വാട്ടര് അതോറിറ്റി എത്തിക്കുന്ന വെള്ളവും സന്നിധാനത്ത് വിതരണത്തിന് ഉപയോഗിക്കും. ഉയരത്തിലുള്ള ശരംകുത്തിയിലെ ടാങ്കില് നിന്നും ഗുരുത്വാകർഷണ മാർഗത്തിലൂടെ തന്നെയാണ് പാണ്ടിത്താവളത്തേക്ക് വാട്ടര് അതോറിറ്റിയും വെള്ളമെത്തിക്കുന്നത്. ദേവസ്വം ബോർഡിന്റെ കീഴിലെ 15 ഓളം ജീവനക്കാരാണ് ഈ ജല വിതരണത്തിനായി സേവനം ചെയ്യുന്നത്. ഈ വെള്ളത്തിന്റെ ക്ലോറിനേഷന് ഉൾപ്പെടെയുള്ളവ നിർവഹിക്കുന്നതും ദേവസ്വം ബോർഡാണ്. ഇതോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടര് അതോറിറ്റി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നിവയും എല്ലാ ദിവസവും ടാങ്കുകളില് പരിശോധന നടത്തുന്നുണ്ട്. പാണ്ടിത്താവളം മുതല് നടപ്പന്തലിന് സമീപത്തെ വനം വകുപ്പ് ഓഫീസ് വരെയാണ് ശബരി തീർഥമെന്ന പേരിലുള്ള ദേവസ്വം ബോർഡിന്റെ കുടിവെള്ള വിതരണം. ഇതിനായി 1000 ലിറ്റര് വീതം ശേഷിയുള്ള അഞ്ച് പ്ലാന്റുകള്, 500 ലിറ്റര് ശേഷിയുള്ള അഞ്ച് പ്ലാന്റുകള്, 10 ഡിസ്പെൻസര് യൂണിറ്റുകള് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. ഇപ്രാവശ്യം കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി പൊതുടാപ്പുകളിലൂടെയുള്ള വിതരണം നടത്തുന്നില്ല. ദേവസ്വം ബോർഡിന്റെ അസി. എൻജിനിയറുടെ നേതൃത്വത്തിലാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങള് നടപ്പാക്കുന്നത്.

ചിത്രം. ശുദ്ധജല പദ്ധതിയുടെ ഭാഗമായി ദേവസ്വം ബോർഡ് പാണ്ടിത്താവളത്ത് നിർമ്മിച്ചിരിക്കുന്ന കൂറ്റന് സംഭരണ ടാങ്ക് തൊഴിലാളികള് ശുചീകരിക്കുന്നു

ഭക്തർക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി സ്ഥാപിച്ചിരിക്കുന്ന ടാപ്പുകള്

**(പി.ആര്. ശബരി-(124)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 20 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### വീണ് പരിക്കേറ്റ ഹോട്ടല് ജീവനക്കാരന്സഹായവുമായി ഫയർഫോഴ്സും പോലീസും

മരക്കൂട്ടത്ത് ഹോട്ടലിന് സമീപത്തുള്ള കൂറ്റന് വൃക്ഷത്തിന്റെ ശിഖരം ഒടിഞ്ഞു വീണ് ജീവനക്കാരനായ കരുണാകരന് (56) പരിക്കേറ്റു. ഉടന് തന്നെ സ്ഥലത്തുണ്ടായിരുന്ന പോലീസും സന്നിധാനത്ത് നിന്നെത്തിയ ഫയർഫോഴ്സും ചേർന്ന് കരുണാകരനെസന്നിധാനത്തെ ആശുപത്രിയില് പ്രവേശിപ്പിച്ചു. നിസാര പരിക്കായതിനാല് പ്രാഥമിക ചികിത്സ നൽകി വിട്ടയച്ചു. കാനന പാതയുടെ സമീപത്ത് വീണ മരത്തിന്റെ ശിഖരം ഫയര് ഫോഴ്സ് സംഘം മുറിച്ച് നീക്കി. കടയുടെ അടുക്കള ഭാഗികമായി തകർന്നു.

**ചിത്രം**. മരക്കൂട്ടത്ത് കാനന പാതക്ക് സമീപം വീണ വൃക്ഷത്തിന്റെ ശിഖരം ഫയർഫോഴ്സ് സംഘം വെട്ടി മാറ്റുന്നു

(പി.ആര്. ശബരി-(125)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 20 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 5

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ഈ വർഷത്തെ മണ്ഡലകാല ഉദയാസ്തമന പൂജയും പടിപൂജയും അവസാനിച്ചു

ശബരിമലയില് ഈ മണ്ഡലകാലത്തെ ഉദയാസ്തമന പൂജയുംപടിപൂജയും ഞായറാഴ്ച (20/12/20) അവസാനിച്ചു. ഇനി മകര വിളക്കിനോടനുബന്ധിച്ച് മാത്രമേ ഉദയാസ്തമന പൂജയുംപടിപൂജയും ഉണ്ടാവൂ. ഞായറാഴ്ച്ച നടന്ന പടിപൂജയ്ക്ക് തന്ത്രി കണ്ഠരര് രാജീവര് നേതൃത്വം നൽകി. മേൽശാന്തി ജയരാജ് പോറ്റിയുടെ നേതൃത്വത്തിലായിരുന്നു ഉദയാസ്തമന പൂജകള്.ഡിസംബർ 25 ന് തങ്കഅങ്കി ഘോഷയാത്ര ശബരിമല സന്നിധാനത്ത് എത്തും. തങ്കഅങ്കി ചാർത്തി 26 ന് മണ്ഡല പൂജയോടുകൂടി നട അടയ്ക്കും. മകര പൂജയ്ക്കായി 30 ന് വൈകുന്നേരം അഞ്ചിന് നട തുറക്കും.

**(പി.ആര്‍. ശബരി-(126)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.